LIBRARY ARCHIVES Kerala Legislative Assembly

ഓൺലൈൻ രജിസ്ട്രേഷൻ - പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

30(*120) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടുണ്ടോ ; ഏതെല്ലാം രജിസ്ട്രേഷനുകളാണ് ഓൺലൈനാക്കിയിട്ടുള്ളത് ;

(ബി) സെർവറിന് ആവശ്യത്തിന് ശേഷിയില്ലാത്തതിനാൽ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം പരാജയപ്പെട്ടതായറിയാമോ ;

(സി) പ്രസ്തുത സംവിധാനം ആരംഭിച്ചതു മുതൽ ആധാരം രജിസ്ട്രേഷൻ ഭീമമായി കുറഞ്ഞ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതു കാരണം വകുപ്പിന്റെ വരുമാനത്തിൽ എത്ര കുറവുണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) പൊതുജനത്തിന് ഈ സംവിധാനംമൂലം ഉണ്ടായിട്ടുള്ള പ്രയാസങ്ങളും സർക്കാരിനുണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടവും പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) സംസ്ഥാനത്തെ 242 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈൻ രജിസ്ട്രേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ബാക്കിയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിലും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. ആധാര രജിസ്ട്രേഷൻ
2. സ്പെഷ്യൽ മാര്യേജ് രജിസ്ട്രേഷൻ
3. പാർട്ട്ണർഷിപ്പ് ഫേംസ് രജിസ്ട്രേഷൻ
4. സൊസൈറ്റി രജിസ്ട്രേഷൻ എന്നീ സേവനങ്ങളാണ് ഓൺലൈൻ സംവിധാനംവഴി പൊതുജനങ്ങൾക്ക് നൽകിവരുന്നത്.

(ബി) ഇല്ല. സംസ്ഥാനത്തെ മുഴുവൻ സബ് രജിസ്ട്രാർ ഓഫീസുകളിലും ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുവാൻ ക്ഷമതയുള്ള 2 സെർവറുകൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ സ്ഥാപിച്ചിട്ടുണ്ട്.

(സി) ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം നടപ്പിലാക്കിയ കാരണത്താൽ ആധാര രജിസ്ട്രേഷനിൽ കുറവ് സംഭവിച്ചിട്ടില്ല.

(ഡി) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് ഇനങ്ങളിലുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ റവന്യൂ വരുമാനം പരിശോധിച്ചതിൽ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം നടപ്പിലാക്കിയ കാരണത്താൽ വരുമാനത്തിൽ കുറവുവന്നതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർത്തിരിക്കുന്നു:

ഓൺലൈൻ പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പ്		ഓൺലൈൻ പദ്ധതി നടപ്പിലാക്കിയതിന് ശേഷം	
കാലയളവ്	വരുമാനം	കാലയളവ്	വരുമാനം
2014 ഡിസംബർ	193.29 കോടി രൂപ	2015 ഡിസംബർ	210.93 കോടി രൂപ
2015 ജനുവരി	207.62 കോടി രൂപ	2016 ജനുവരി	216.28 കോടി രൂപ

(ഇ) പ്രാരംഭ ഘട്ടത്തിലുണ്ടായ ചില സാങ്കേതിക തടസ്സങ്ങളൊഴിച്ചാൽ പൊതുജനത്തിന് സുതാര്യമായ ഈ സംവിധാനം പ്രയോജനകരമാകുന്നതാണ്. ഇതുമൂലം സർക്കാരിന് റവന്യൂ വരുമാനത്തിൽ കുറവു വന്നതായി കാണുന്നില്ല.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എയ്ഡഡ് കോളേജുകൾ

1(1042) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ എത്ര എയ്ഡഡ് കോളേജുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഏതൊക്കെ മാനേജ്മെന്റുകൾക്കാണ് കോളേജ് നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത കോളേജുകളിലേയ്ക്കായി എത്ര തസ്തികകൾ അനുവദിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ;

(സി) ഇങ്ങനെ അനുവദിക്കപ്പെട്ട തസ്തികകൾക്കെല്ലാം കൂടി പ്രതിവർഷം എത്ര രൂപ അധികച്ചെലവ് വരുമെന്ന് വ്യക്തമാക്കാമോ?

GPM. 2/239/2020-10

LIBRARY ARCHIVES Kerala Legislative Assembly